# 2020 ഈസ്റ്റർ ജാഗരണദിവ്യബലിമധ്യേ ഫ്രാൻസിസ് പാപ്പാ നൽകിയ സുവിശേഷസന്ദേശം

**(സുവിശേഷഭാഗം മത്താ. 28: 1-10)**

വിവർത്തനം: ഫാ. ഫ്രാൻസിസ് അയ്മനം OCD



2020 ഏപ്രിൽ 11, വിശുദ്ധ പത്രോസിന്റെ ബസിലിക്ക, വത്തിക്കാൻ

"സാബത്തിനുശേഷം" (മത്താ 28:1) സ്ത്രീകൾ ശവകുടീരം സന്ദർശിക്കാൻ പോയി. ഈ വിശുദ്ധ ജാഗരണത്തിന്റെ സുവിശേഷം ആരംഭിക്കുന്നത് അങ്ങനെയാണ്; ശനിയാഴ്ചയെക്കുറിച്ചുള്ള സൂചനയോടെ. ഈസ്റ്റർ ത്രിദിനത്തിൽ, ദുഖവെള്ളിയുടെ കുരിശനുഭവത്തിൽനിന്നും ഉയിർപ്പുണ്ടായറിന്റെ ഹല്ലേലൂയാഗീതത്തിലേയ്ക്ക് കടക്കുന്നതിനു താൽപ്പര്യത്തോടെ കാത്തിരിക്കുന്ന നാം അധികം ശ്രദ്ധ നൽകാത്ത ദിനമാണിത്. എന്നാൽ ഈ വർഷം,

www.malankaralibrary.com

മുമ്പുണ്ടാകാത്ത വിധത്തിൽ, വിശുദ്ധ ശനിയുടെ മഹത്തായ മൗനത്തെ നാം അനുഭവിക്കുന്നുണ്ട്. ആദ്യ ദുഃഖശനിയിൽ ആ ഭക്തസ്ത്രീകൾ കടന്നുപോയ അനുഭവത്തെ മനസ്സിലാക്കാൻ നമുക്ക് ഇന്ന് കഴിയുന്നുണ്ട്. വളരെ പെട്ടെന്ന്, തികച്ചും അപ്രതീക്ഷിതമായി സംഭവിച്ച ഒരു ദുരന്തസംഭവത്തിന്റെ വേദനാജനകമായ നാടകീയതയ്ക്ക്, നമ്മെപ്പോലെതന്നെ അവരും ദൃക്സാക്ഷികളായിരുന്നു. അവർ മരണത്തെ മുഖാഭിമുഖം ദർശിച്ചു; അത് അവരുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തി. വേദനയോടൊപ്പം ഹൃദയങ്ങളിൽ ഭയവും നിറഞ്ഞു. ഗുരുവിന്റെ അതേവിധിതന്നെ തങ്ങളും സഹിക്കേണ്ടിവരുമോ? അതോടൊപ്പം ഭാവിയെക്കുറിച്ചുള്ള ഭയവും ഉണ്ടായിരുന്നു. ജീവിതം മുഴുവൻ ഇനി പുനര്നിര്മ്മിക്കേണ്ടിവരുമോ എന്ന ഭയം. പ്രത്യാശ നഷ്ടപ്പെടുത്തുന്ന ദുഖകരമായ ഓർമ്മകൾ. നമ്മെപ്പോലെ തന്നെ അവർക്കും അത് ഏറ്റവും ഇരുൾനിറഞ്ഞ മണിക്കൂർ ആയിരുന്നു.

ഈ സാഹചര്യത്തിൽപ്പോലും തളർന്നുപോകാൻ ആ സ്ത്രീകൾ സ്വയം അനുവദിച്ചില്ല. മനോവേദനയുടെയും ആകുലതയുടെയും മൂകത തങ്ങളെ കീഴടക്കാൻ അവർ വിട്ടുകൊടുത്തില്ല. സ്വയം പരിതപിച്ചു തങ്ങളിൽത്തന്നെ ഒതുങ്ങിക്കൂടാനോ യാഥാർഥ്യത്തിൽനിന്നു ഓടിയകലാനോ അവർ ശ്രമിച്ചില്ല. അസാധാരണമെങ്കിലും തികച്ചും എളിയതായ ചില കാര്യങ്ങൾ ചെയ്യുന്നതിൽ അവർ ഏർപ്പെട്ടു: യേശുവിന്റെ മൃതശരീരം അഭിഷേകം ചെയ്യുന്നതിനുവേണ്ടി ഭവനത്തിലിരുന്ന് അവർ സുഗന്ധദ്രവ്യങ്ങൾ തയാറാക്കി. സ്നേഹിക്കുന്നത് അവർ അവസാനിപ്പിച്ചില്ല. തങ്ങളുടെ ഹൃദയങ്ങളിലെ അന്ധകാരത്തിലേക്ക് അവർ കാരുണ്യത്തിന്റെ ദീപ്തി പ്രകാശിപ്പിച്ചു. പരിശുദ്ധ അമ്മ, പിന്നീട് അവളെ വണങ്ങുന്നതിനു നിയോഗിക്കപെടാനുള്ള ദിനമായ, ആ ശനിയാഴ്ച പ്രാർത്ഥനയിലും പ്രത്യാശയിലും മുഴുകിയിരുന്നു. അവർ വേദനയോടു പ്രതികരിച്ചത് കർത്താവിൽ ശരണപ്പെട്ടുകൊണ്ടാണ്. ചരിത്രത്തെ പരിവർത്തിതമാക്കാൻ പോകുന്ന, "ആഴ്ചയുടെ ഒന്നാംദിനത്തിന്റെ പ്രഭാതത്തിനുവേണ്ടി", ആ സാബത്തിന്റെ അന്ധകാരത്തിൽ, ആ സ്ത്രീകൾ, അവർ പോലുമറിയാതെ, തയാറെടുപ്പുകൾ നടത്തുകയായിരുന്നു. നിലത്തു കുഴിച്ചിടപ്പെട്ട വിത്ത് എന്നപോലെ, ലോകത്തിൽ പുതിയ ജീവൻ വിടർന്നുപുഷ്പിക്കുന്നതിനു യേശു ആഗതനാവുകയായിരുന്നു. ഈ സ്ത്രീകൾ പ്രാർത്ഥനയിലൂടെയും സ്നേഹത്തിലൂടെയും ആ പ്രത്യാശ പൂവണിയുന്നതിനു സഹായിക്കുകയായിരുന്നു. നമ്മുടെ ദുഖത്തിന്റെ ഈ ദിനങ്ങളിൽ, പ്രത്യാശയുടെ വിത്തുകൾ വിതച്ചുകൊണ്ട്, സുവിശേഷത്തിലെ ആ സ്ത്രീകളെ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന എത്രയോ വ്യക്തികളുണ്ട്! കരുതലിന്റെയും സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും എളിയ പ്രവർത്തികളുമായി.

പ്രഭാതത്തിൽ ആ സ്ത്രീകൾ ശവകുടീരം സന്ദർശിക്കാൻ പോയി. അവിടെവച്ച് മാലാഖ അവരോടു പറയുന്നു: "ഭയപ്പെടേണ്ട, അവൻ ഇവിടെയില്ല, അവൻ ഉയിർത്തെഴുന്നേറ്റു." (വാക്യങ്ങൾ 5-6). ഒരു കല്ലറയുടെ മുൻപിൽ നിൽക്കുമ്പോഴാണ് അവർ ഈ ജീവന്റെ വചസ്സുകൾ ശ്രവിക്കുന്നത്. തുടർന്ന്

അവർ യേശുവിനെ കണ്ടുമുട്ടുന്നു. സകല പ്രത്യാശയുടെയും ദാതാവായ അവിടുന്നു ആ സന്ദേശം സ്ഥിരീകരിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്യുന്നു : "ഭയപ്പെടേണ്ട" (വാക്യം 10). ***ഭയപ്പെടേണ്ട, ഭയത്തിനു സ്വയം കീഴടങ്ങരുത്.*** ഇതാണ് പ്രത്യാശയുടെ സന്ദേശം. ഇന്ന് നമ്മെ അഭിസംബോധന ചെയ്യുന്ന സന്ദേശമാണിത്. ഈ രാത്രിയിലും നമ്മോട് ദൈവം ആവർത്തിക്കുന്ന വചനങ്ങളാണിവ.

നമ്മിൽനിന്നും ഒരിക്കലും നീക്കംചെയ്യാനാവാത്ത ഒരു മൗലികാവകാശം നാം ഈ രാത്രിയിൽ ആർജ്ജിക്കുന്നു: ***പ്രത്യാശിക്കുന്നതിനുള്ള അവകാശമാണത്***. ദൈവത്തിൽനിന്ന് സിദ്ധിക്കുന്ന നവീനവും ജീവസ്സുറ്റതുമായ പ്രത്യാശയാണത്. അത് കേവലം ശുഭാപ്തിവിശ്വാസമല്ല. അത് വെറുതെ തോളത്തു തലോടുന്നതോ പ്രോത്സാഹനത്തിന്റെ ഒരു വ്യർത്ഥവാക്കു പറയുന്നതോ അല്ല. നമുക്ക് സ്വയം ആർജ്ജിക്കുവാൻ ഒരിക്കലും സാധ്യമാകാത്ത, സ്വർഗ്ഗത്തിൽനിന്നുള്ള ദാനമാണത്. മാനവരാശിയുടെ മനോഹാരിതയെ ആശ്ലേഷിച്ചുകൊണ്ടും നമ്മുടെ ഹൃദയങ്ങളിൽനിന്നും പ്രോത്സാഹനവചസ്സുകൾ പ്രവഹിക്കുവാൻ അനുവദിച്ചുകൊണ്ടും, "എല്ലാം ശുഭമാകും" എന്ന് ഈ കഴിഞ്ഞ ആഴ്ചകളിലുടനീളം നാം ആവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ ദിനങ്ങൾ കടന്നുപോകുകയും ഭീതികൾ വ്യാപിക്കുകയും ചെയ്യുമ്പോൾ, ഏറ്റവും ധീരമായ പ്രതീക്ഷപോലും തകർന്നുപോകാം. എന്നാൽ യേശു നൽകുന്ന പ്രത്യാശ വ്യത്യസ്തമാണ്. എല്ലാം നന്മയിലേക്ക് പരിണമിപ്പിക്കുന്നതിനു ദൈവത്തിനു കഴിവുണ്ട് എന്ന ബോധ്യം നമ്മുടെ ഹൃദയങ്ങളിൽ യേശു ഉറപ്പിച്ചുനൽകുന്നു; കുഴിമാടത്തിൽനിന്നുപോലും അവിടുന്നു ജീവൻ പുറത്തുകൊണ്ടുവരുന്നു. ഉള്ളിൽപ്രവേശിക്കുന്ന ആർക്കും ഒരിക്കലും പുറത്തേയ്ക്കുവരാനാകാത്ത ഇടമാണ് ശവക്കല്ലറ. എന്നാൽ യേശു ശവക്കല്ലറയിൽനിന്നു പുറത്തുവന്നു. മരണം ഉണ്ടായിരുന്നിടത്തേയ്ക്ക് ജീവൻ സംവഹിക്കുന്നതിനും ഒരു വലിയ കല്ല് സ്ഥാപിച്ചിരുന്ന അതേസ്ഥലത്ത് ഒരു പുതിയ ചരിത്രം ആരംഭിക്കുന്നതിനും അവിടുന്നു നമുക്കായി ഉയിർത്തെഴുന്നേറ്റു. ശവകുടീരത്തിൽ കവാടത്തിനു മുദ്രവച്ചിരുന്ന കല്ലുരുട്ടിമാറ്റിയ അവിടുത്തേയ്ക്ക്, നമ്മുടെ ഹൃദയങ്ങളിലുള്ള ശിലകളെയും ദൂരീകരിക്കുന്നതിനു സാധിക്കും. അതുകൊണ്ടു നമ്മുക്ക് ഭയത്തിനു കീഴടങ്ങാതിരിക്കാം. പ്രത്യാശയുടെ മുൻപിൽ നാം ശിലകൾ സ്ഥാപിക്കരുത്. പ്രത്യാശിക്കാൻ നമ്മുക്ക് സാധിക്കും; നാം തീർച്ചയായും പ്രത്യാശിക്കുകയും വേണം; എന്തെന്നാൽ ദൈവം വിശ്വസ്തനാണ്. അവിടുന്നു നമ്മെ കൈവിട്ടിട്ടില്ല; അവിടുന്നു നമ്മെ സന്ദർശിക്കുകയും, യാതനയുടെയും മനോവേദനയുടെയും മരണത്തിന്റേതുമായ നമ്മുടെ ജീവിതസാഹചര്യങ്ങളിലേയ്ക്ക് പ്രവേശിക്കുകയും ചെയ്തു. അവിടുത്തെ പ്രകാശം കല്ലറയുടെ അന്ധകാരത്തെ ഇല്ലാതാക്കി. നമ്മുടെ ജീവിതങ്ങളിലുള്ള അന്ധകാരാവൃതമായ ഇടുങ്ങിയ ഇടങ്ങളിലേയ്ക്കുപോലും തന്റെ പ്രകാശം ഉൾപ്രവേശിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. പ്രിയ സഹോദരീ, പ്രിയ സഹോദരാ, നിന്റെ ഹൃദയത്തിൽ പ്രത്യാശ മൃതമായിരിക്കുന്നുവെങ്കിൽപോലും ധൈര്യം കൈവിടരുത്; ദൈവം വലിയവനാണ്. അന്ധകാരത്തിനും മരണത്തിനും അവസാന വാക്ക് പറയാനാവില്ല. കരുത്തുള്ളവരാകുക! എന്തെന്നാൽ ദൈവം കൂടെയുള്ളപ്പോൾ യാതൊന്നും നഷ്ടപ്പെട്ടിട്ടില്ല.

*ധൈര്യമായിരിക്കുക:* സുവിശേഷത്തിൽ യേശു നിരവധിതവണ അരുൾചെയ്തിട്ടുള്ള വചനമാണിത്. ആവശ്യത്തിലായിരിക്കുന്ന ഒരു വ്യക്തിയെ പ്രോത്സാഹിപ്പിക്കുന്നതിന് മറ്റുള്ളവർ ഒരിക്കൽ മാത്രമാണ് ആ വാക്ക് ഉപയോഗിക്കുന്നതായി സുവിശേഷങ്ങളിൽ കാണുന്നത്: "ധൈര്യമായിരിക്കൂ, എഴുന്നേൽക്കുക, യേശു നിന്നെ വിളിക്കുന്നു " (മർക്കോ. 10: 49). നമ്മുടെ ആവശ്യങ്ങളിൽ കരംപിടിച്ചുയർത്തുന്നത് ഉത്ഥാനനാഥനാണ്. നിന്റെ യാത്രയിൽ നീ ക്ഷീണിതനും ദുർബലനുമാണെങ്കിൽ, വീണുപോകുന്നുവെങ്കിൽ, ഭയപ്പെടരുത്. സഹായഹസ്തം നീട്ടികൊണ്ടു ദൈവം നിന്നോട് അരുളിച്ചെയ്യുന്നു: "ധൈര്യമായിരിക്കൂ." "ധൈര്യം എന്നത് നിനക്ക് സ്വയം ദാനം ചെയ്യാനാവുന്ന കാര്യമല്ല" എന്ന് മൻസോണിയുടെ നോവലിലെ ഡോൺ അബോന്ദിയോയെപ്പോലെ നീ പറയുമായിരിക്കും (ദമ്പതികളുടെ വാഗ്ദാനങ്ങൾ, XXV). ശരിയാണ് നിനക്കതു സ്വയം നൽകാനാവില്ല. പക്ഷെ ഒരു ദാനമായി നിനക്കതു സ്വീകരിക്കാം. നീ ചെയ്യേണ്ടത് ഇത്രമാത്രമാണ്: പ്രാർത്ഥനയിൽ നിന്റെ ഹൃദയം തുറക്കുകയും, നിന്റെ ഹൃദയകവാടത്തിൽ സ്ഥാപിച്ചിരിക്കുന്ന ആ കല്ല്, അൽപ്പം മാത്രമേ സാധിക്കുകയുള്ളൂവെങ്കിൽക്കൂടി, ഉരുട്ടിനീക്കുകയും ചെയ്ത് യേശുവിന്റെ പ്രകാശം ഉൾപ്രവേശിക്കുന്നതിനു സാധ്യമാക്കുക. അവിടുത്തോട് നീ ഇത്രമാത്രം ആവശ്യപ്പെടുക: "യേശുവേ എന്റെ ഭീതിയുടെ മദ്ധ്യേ അങ്ങ് കടന്നുവന്ന് 'ധൈര്യമായിരിക്കൂ' എന്ന് എന്നോട് കല്പിക്കണമേ. കർത്താവേ അവിടുന്നു കൂടെയുള്ളപ്പോൾ എന്തെല്ലാം ദുഃഖം ഞങ്ങളിൽ ഉണ്ടായിരുന്നാലും ഞങ്ങൾ പ്രത്യാശയിൽ കരുത്തുള്ളവരാകും; എന്തെന്നാൽ അവിടുത്തോടൊപ്പം കുരിശുനീങ്ങുന്നത് ഉത്ഥാനത്തിലേക്കാണ്; എന്തെന്നാൽ ഞങ്ങളുടെ രാത്രികളുടെ അന്ധകാരത്തിൽ അവിടുന്നു ഞങ്ങളുടെ കൂടെയുണ്ട്; ഞങ്ങളുടെ അനിശ്ചിതത്വങ്ങളുടെ മദ്ധ്യേ അവിടുന്നു ഞങ്ങളുടെ സുനിശ്ചിതത്വമാണ്. അവിടുന്നു ഞങ്ങളുടെ നിശബ്ദതയിൽ സംസാരിക്കുന്ന വചനമാണ്. അങ്ങേയ്ക്കു ഞങ്ങളോടുള്ള സ്നേഹത്തെ ആർക്കും ഞങ്ങളിൽനിന്നും അപഹരിക്കാനാവില്ല."

ഇതാണ് ഉത്ഥാനത്തിന്റെ സന്ദേശം; പ്രത്യാശയുടെ സന്ദേശം. അതിനു ഒരു രണ്ടാംഭാഗം കൂടിയുണ്ട് : "പറഞ്ഞയക്കലാണത്" യേശുപറഞ്ഞു: നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോട് ഗലീലിയിലേയ്ക്ക് പോകണമെന്നു പറയുക" (മത്താ. 28: 10) "അവൻ നിങ്ങൾക്കുമുന്പേ ഗലീലിയിലേയ്ക്കു പോകുന്നു" (വാക്യം 7) എന്ന് ദൂതൻ അറിയിച്ചു . കർത്താവ് നമുക്ക് മുൻപേ പോകുന്നു. ജീവിതത്തിലും മരണത്തിലും അവിടുന്നു നമുക്ക് മുൻപേ നടക്കുന്നുവെന്നത് അറിയുന്നത് നമ്മെ ധൈര്യപ്പെടുത്തുന്നു. നമുക്കുമുന്പേ അവിടുന്നു ഗലീലിയിലേയ്ക്കു പോകുന്നു; ഗലീലിയെന്നത് യേശുവിലും തന്റെ ശിഷ്യന്മാരിലും അനുദിനജീവിതത്തിന്റെയും കുടുംബത്തിന്റെയും ജോലിയുടെയും അറിവുകളെ ഉണർത്തിയ സ്ഥലമാണ്. നമ്മുടെ അനുദിനജീവിതത്തിലേയ്ക്ക് പ്രത്യാശയെ സംവഹിക്കുന്നതിനാണ് യേശു ആഗ്രഹിക്കുന്നത്. ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം തങ്ങൾക്ക് യേശുവിന്റെ

ആദ്യവിളി ലഭിച്ച സ്ഥലമായ ഗലീലി സ്മരണകളുടെ ഇടമാണ്. ഗലീലിയിലേയ്ക്കു തിരികെപ്പോകുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ദൈവത്താൽ സ്നേഹിക്കപ്പെടുകയും വിളിക്കപ്പെടുകയും ചെയ്തു എന്ന സത്യം അനുസ്മരിക്കുക എന്നാണ്. ദൈവം തന്റെ സ്നേഹത്തിൽനിന്നു നമുക്ക് ദാനമായി നൽകിയ വിളിയനുസരിച്ച് നാം ജനിച്ചുവെന്നും വീണ്ടും ജനിച്ചുവെന്നും നമ്മെത്തന്നെ അനുസ്മരിപ്പിച്ചുകൊണ്ടു നാം യാത്ര പുനരാരംഭിക്കേണ്ടതുണ്ട്. ഈ സ്മരണയിൽനിന്നാണ് നമ്മുക്ക് വീണ്ടും യാത്ര ആരംഭിക്കാൻ കഴിയുന്നത്; പ്രത്യേകിച്ചും പ്രതിസന്ധികളുടെയും പരീക്ഷണങ്ങളുടെയും സമയങ്ങളിൽ.

എന്നാൽ ഇനിയും ഏറെയുണ്ട്. ഗലീലി അവർ ആയിരുന്നിട്ടുള്ളതിൽവച്ച് ഏറ്റവും ദൂരെയുള്ളതായ സ്ഥലമാണ്. അവരെ സംബന്ധിച്ച്, ജെറൂസലേമിൽനിന്നും ഏറ്റവും അകലെയുള്ള സ്ഥലം. അത് കേവലം ഭൗമികദൂരം മാത്രമല്ല. വിശുദ്ധ നഗരത്തിന്റെ പവിത്രതയിൽനിന്നും ഏറ്റവും ദൂരെയായിരുന്ന സ്ഥലം കൂടിയാണ് ഗലീലി. വ്യത്യസ്ത മതങ്ങളിൽപ്പെട്ട ജനങ്ങൾ വസിച്ചിരുന്ന പ്രദേശമായിരുന്നു അത്. അത്, "വിജാതീയരുടെ ഗലീലി" ആയിരുന്നു (മത്താ. 4:15). യേശു തന്റെ ശിഷ്യരെ അവിടേയ്ക്കു അയക്കുകയും, അവരോട് അവിടെനിന്നും പുനരാരംഭിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഇത് നമ്മോട് പറയുന്നത് എന്താണ്? നമ്മുടെ വിശുദ്ധ സ്ഥലങ്ങളിൽ മാത്രമായി പ്രത്യാശയുടെ സന്ദേശത്തെ പരിമിതപ്പെടുത്തരുതെന്നും, മറിച്ച് എല്ലാവരിലേക്കും അത് സംവഹിക്കപ്പെടണം എന്നുമാണ് നമുക്ക് ലഭിക്കുന്ന സന്ദേശം. പുനരുറപ്പ് ലഭിക്കേണ്ടതിന്റെ ആവശ്യകത എല്ലാവർക്കുമുണ്ട്. "ജീവന്റെ വചനത്തെ" ( 1 യോഹ. 1 : 1) സ്പർശിച്ചവരായ നാം അത് നല്കുന്നില്ലെങ്കിൽ ആരാണ് അത് നൽകുക? സാന്ത്വനം പ്രദാനം ചെയ്യുന്ന, മറ്റുള്ളവരുടെ ഭാരങ്ങൾ വഹിക്കുന്ന, ധൈര്യം പകരുന്ന ക്രൈസ്തവരായിരിക്കുക എന്നത് എത്ര മനോഹരമാണ്! മരണത്തിന്റെ സമയത്തു ജീവന്റെ സന്ദേശവാഹകരാവുക! എല്ലാ ഗലീലിയിലേയ്ക്കും, നാമെല്ലാവരും ഉൾപ്പെടുന്നതും നമ്മുടെ ഭാഗമായിരിക്കുന്നതുമായ മാനവകുടുംബത്തിന്റെ എല്ലാ പ്രദേശങ്ങളിലേക്കും -എന്തെന്നാൽ നാമെല്ലാവരും സഹോദരീസഹോദരന്മാരാണ്- നമുക്ക് ജീവിതത്തിന്റെ സംഗീതം സംവഹിക്കാം. മരണത്തിന്റെ മുറവിളികൾ നമുക്ക് നിശബ്ദമാക്കാം. ഇനിമേൽ നമുക്ക് യുദ്ധങ്ങൾ വേണ്ട! ആയുധങ്ങളുടെ ഉത്പാദനവും വ്യാപാരവും നമുക്ക് അവസാനിപ്പിക്കാം. കാരണം നമുക്ക് ആവശ്യം അന്നമാണ്, തോക്കുകളല്ല.. ഗർഭച്ഛിദ്രവും നിഷ്കളങ്കജീവിതങ്ങളുടെ കൊലപാതകവും അവസാനിക്കട്ടെ. അടിസ്ഥാനാവശ്യങ്ങൾ പോലുമില്ലാത്തവരുടെ ശൂന്യമായ കരങ്ങൾ നിറയ്ക്കുന്നതിനു വേണ്ടുവോളം സമ്പത്തുള്ളവരുടെ ഹൃദയങ്ങൾ തുറക്കപ്പെടട്ടെ.

സുവിശേഷത്തിലെ ആ സ്ത്രീകൾ അവസാനം, യേശുവിന്റെ പാദങ്ങളിൽ "കെട്ടിപിടിച്ചു ആരാധിച്ചു" (മത്താ. 28:9); കല്ലറയിൽ പ്രവേശിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നതിന്റെ അങ്ങേയറ്റം വരെ ഏറെ ദൂരം സഞ്ചരിച്ച അവിടുത്തെ പാദങ്ങൾ. മരണത്തെ തകർക്കുകയും പ്രത്യാശയുടെ

പാത തുറക്കുകയും ചെയ്ത അവിടുത്തെ പാദങ്ങളെ ആ ഭക്തസ്ത്രീകൾ കെട്ടിപിടിച്ചു. ഉത്ഥിതനായ യേശുവേ, പ്രത്യാശ തേടുന്ന തീർത്ഥാടകർ എന്ന നിലയിൽ ഇന്നു ഞങ്ങൾ അങ്ങയോട് ചേർന്നിരിക്കുന്നു. മരണത്തെ നോക്കി ഭയപ്പെട്ടുകൊണ്ടിരിക്കാതെ ഞങ്ങൾ പിന്തിരിഞ്ഞു അങ്ങയെ ഉറ്റുനോക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങേയ്ക്കായി തുറക്കുന്നു; എന്തെന്നാൽ അങ്ങ് ജീവൻ തന്നെയാണ്.

www.malankaralibrary.com